# ശരിയായ വിശ്വാസത്തിന്റെ ചന്തം

സി. രാധാകൃഷ്ണൻ

വിദ്യാഭ്യാസകാലത്ത് എനിക്കൊരു ഭാഗ്യമുണ്ടായി. നല്ല ഗുരുനാഥന്മാരെ കിട്ടി എന്നതാണത്. ചാലു കീറി വെള്ളപ്പാച്ചിലിനെ നയിക്കുന്നപോലെ അവരെന്നെ കാത്തുസൂക്ഷിച്ചു, നയിച്ചു. പാഠപുസ്തകങ്ങളിലെ കാര്യങ്ങൾ മാത്രമല്ല അവർ എന്നെ പഠിപ്പിച്ചത്. ലോകത്തെക്കുറിച്ച് മൊത്തമായും എന്നെത്തന്നെയും അറിയാനുള്ള ശ്രമത്തിൽ അവർ പ്രോത്സാഹനവും പ്രേരണയും സൗകര്യങ്ങളും തന്നു. ഇക്കൂട്ടത്തിൽ ആദ്യം പറയേണ്ട പേര് പൊന്നാനി എ.വി. ഹൈസ്കൂളിലെ മലയാളം അധ്യാപകനായിരുന്ന പത്മനാഭപ്പണിക്കരുടേതാണ്. അദ്ദേഹം ഇന്നില്ല.

എട്ടാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ കോമ്പോസിഷൻ പുസ്തകത്തിൽ ഒരിക്കൽ അദ്ദേഹം എഴുതി: 'ക്ലാസു കഴിഞ്ഞ് എന്നെ വന്നു കാണുക.'

കുട്ടികളെ ശിക്ഷിക്കുന്നതിൽ പേരെടുത്ത ഗുരുനാഥനാണ്. എന്തിനുള്ള ശിക്ഷയെന്നറിയില്ലെങ്കിലും അടി തീർച്ചപ്പെടുത്തിയാണ് ഞാൻ തുടികൊട്ടുന്ന നെഞ്ചുമായി ടീച്ചേഴ്സ് റൂമിന്റെ വാതിൽക്കൽ ചെന്ന് പാളിപ്പതുങ്ങി നിന്നത്. കൈയിൽ കോമ്പോസിഷൻ പുസ്തകവും ഉണ്ട്. എന്തുവേണം എന്ന നീട്ടിമൂളലിനു മറുപടിയായി ഞാൻ ആ പുസ്തകം തുറന്നു കാണിച്ചു. വീടെവിടെയാണ്, അച്ഛൻ ആര് എന്നു തുടങ്ങി കുറേ ചോദ്യങ്ങൾ വന്നു. മറുപടികൾ ഒരുവിധം പറഞ്ഞൊപ്പിച്ചു.

പിന്നെ അദ്ദേഹം ഒരു ചിരി ചിരിച്ചു: 'പേടിച്ചു ചൂളേണ്ട കാര്യമൊന്നും അല്ല. നിനക്ക് ഭാഷ വശമാകും, ശ്രമിച്ചാൽ. അതു പറയാൻ വിളിച്ചതാണ്. ശ്രമിക്കാൻ തയാറുണ്ടോ?'

ഇല്ലെന്നു പറഞ്ഞാൽ കിട്ടാവുന്ന ശിക്ഷകൂടി ഓർത്ത് ഞാൻ ഉവ്വെന്ന് മൂളി.

പിറ്റേന്ന് മുതൽ അദ്ദേഹം എനിക്കു വായിക്കാൻ സ്കൂൾ ലൈബ്രറിയിൽനിന്ന് പുസ്തകങ്ങൾ തന്നു തുടങ്ങി. അദ്ദേഹമായിരുന്നു അന്ന് ലൈബ്രറിയുടെ ചുമതലക്കാരൻ. വായിച്ചതിന്റെയൊക്കെ ചുരുക്കവും ചാതുര്യവും എഴുതിക്കാണിക്കണം. കവിതകളും ഉപന്യാസങ്ങളും ഇടവിട്ടിടവിട്ട് വായിക്കാൻ തന്നു. ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഇംഗ്ലീഷ്പുസ്തകങ്ങളായി. ആ കൂട്ടത്തിലാണ് വിശുദ്ധഖുർആൻ എനിക്കു കിട്ടിയത്. ബൈബിളും ഭഗവദ്ഗീതയും ജാതകകഥകളും ഒക്കെ കിട്ടിയതും അങ്ങനെത്തന്നെ.

ഇംഗ്ലീഷ്ഭാഷയിലെ പിടിപാടിന്റെ പരിമിതികൊണ്ടും വിഷയത്തിന്റെ കട്ടികൊണ്ടും അതൊന്നും ശരിയായി അക്കാലത്ത് മനസ്സിലായില്ല. അങ്ങിങ്ങ് ചില കാര്യങ്ങളേ പിടികിട്ടിയുള്ളൂ. അക്കാര്യം ഞാൻ ഗുരുനാഥനോട് പറയുകയും ചെയ്തു. അപ്പോഴേക്ക് ഞങ്ങൾ തമ്മിൽ രണ്ടു സഹോദരങ്ങൾ തമ്മിലുള്ള അടുപ്പവും സ്നേഹവും വേരുപിടിച്ചുകഴിഞ്ഞിരുന്നു. എന്റെ സങ്കടം കേട്ട് അദ്ദേഹം ആശ്വസിപ്പിച്ചു: 'സാരമില്ല. ഇതൊക്കെ വിത്തുപോലെയാണ്. കാലംകൊണ്ട് മനസ്സിൽ കിടന്നു മുളയ്ക്കും, ഇലയും പൂവും ഉണ്ടാവും. അപ്പോഴും നാം അർഹിക്കുന്നതേ നമുക്കു മനസ്സിലാവൂ. എല്ലാ ചെടിയും എല്ലാ മണ്ണിലും ഒരുപോലെ വളരുമോ? എല്ലാം ശരിയായും സത്യമായും മനസ്സിലാക്കിയവർ ഈ ഭൂമിയിൽ വിരളം!'

വിശുദ്ധഖുർആൻ എന്നെ പഠിപ്പിച്ച ആദ്യപാഠം ഈ ലോകം ഒരു നാഥനില്ലാക്കളരിയല്ല എന്നാണ്. സർവശക്തനായ ഈശ്വരൻ എല്ലാം സൃഷ്ടിച്ച് എല്ലാറ്റിനെയും എല്ലാരെയും കാരുണ്യത്തോടെ കാണുന്നു. ആ ശക്തിയെ മറികടക്കാൻ വേറെയൊരു ശക്തിയും ഈ ഭൂമിയിലെന്നല്ല പ്രപഞ്ചത്തിലെങ്ങുമില്ല, ഉണ്ടാവുകയുമില്ല. എല്ലാം നശിച്ചാലും ആ ശക്തിക്കു നാശമില്ല. ആ ശക്തിക്ക് ആദിയും അന്തവുമില്ല. നമ്മുടെ കൺമുന്നിലെ സ്ഥലകാലങ്ങൾ വച്ച് അളക്കാവുന്ന ഒന്നല്ല ആ സർവശക്തി. നമ്മുടെ കണ്ണുകൾകൊണ്ട് കാണാനാവുകയുമില്ല.

എല്ലാ സൃഷ്ടികളും സ്രഷ്ടാവുമായി അദൃശ്യമായ പൊക്കിൾക്കൊടിവഴി ബന്ധപ്പെട്ടാണിരിക്കുന്നത് എന്നതായിരുന്നു രണ്ടാമത്തെ പാഠം. ഏതൊരു സൃഷ്ടിക്കും സർവശക്തനുമായി ബന്ധപ്പെടാൻ മറ്റെന്തിന്റെയെങ്കിലുമോ രണ്ടാമതൊരാളുടെയോ ഇടനിലയോ ശിപാർശയോ ആവശ്യമില്ല.

ഏതാണ്ട് ഇതേ കാര്യംതന്നെ ബൈബിളിലും ഗീതയിലും മറ്റു രീതികളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നതും എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞു. പ്രവാചകരുടെ വാക്കുകളിലെ ആത്മാർഥതയാണ് എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്. പണിക്കർസാറിനോട് അതു പറഞ്ഞപ്പോൾ അദ്ദേഹം തന്ന മറുപടി ഇങ്ങനെയായിരുന്നു: 'ഭാഷയുടെ ഏറ്റവും നല്ല ഉപയോഗം ഈ ഗ്രന്ഥങ്ങളിലാണുള്ളത്. കളങ്കമേ ഇല്ലാത്ത ആത്മാർഥതയിൽനിന്ന് ഉയിരെടുക്കുമ്പോഴാണ്, ഭാഷ ഏതായാലും, ഭാഷയിലെ കറതീരുന്നത്. ഭാഷ കൈകാര്യം ചെയ്യാൻ പുറപ്പെടുന്നവർ ആദ്യം വായിക്കേണ്ടതും ആദരത്തോടെ തിരികെപ്പോയി വീണ്ടും വീണ്ടും വായിക്കേണ്ടതും പ്രവാചകവചനങ്ങളാണ്. മനുഷ്യകുലത്തിനു കിട്ടിയ ഏറ്റവും മെച്ചപ്പെട്ട കാവ്യങ്ങളാണവ'.

ഈ ഉപദേശം തെറ്റിക്കാതിരിക്കാൻ ഞാൻ ഇന്നോളം മനസ്സിരുത്തിപ്പോരുന്നു. ആണ്ടിലൊരിക്കലെങ്കിലും ഈ മഹാഗ്രന്ഥങ്ങൾ ഒരാവൃത്തിയെങ്കിലും വായിക്കാൻ സമയം കണ്ടെത്താറുണ്ട്. മനസ്സിലെ മാലിന്യം കുറേ പോയിക്കിട്ടുന്നതിനു പുറമെ ഓരോ തവണ വായിക്കുമ്പോഴും പുതിയ ചിന്തകളും വെളിപാടുകളും വീണുകിട്ടാതിരിക്കുന്നുമില്ല. ഒരർഥത്തിൽ ഞാൻ ഇന്നേവരെ എഴുതിയ എല്ലാ അല്ലറച്ചില്ലറകളും ഈ മഹാവാക്യങ്ങളുടെ വേരുകളിൽനിന്ന് കിളിർത്തുണ്ടായ നാമ്പുകളാണ്. ഒന്നും 'എന്റെ' അല്ല.

വിശുദ്ധഖുർആന്റെ കാര്യത്തിൽ മറ്റൊരു പ്രധാനപ്പെട്ട തിരിച്ചറിവും അക്കാലത്തുതന്നെ എനിക്കുണ്ടായി. പൊന്നാനി അങ്ങാടിയിലെ തോട്ടുവക്കത്തെ ചില കച്ചവടക്കാരും എന്റെ നാട്ടുകാർതന്നെയായ ആലിമാസ്റ്ററും വെറ്റിലക്കച്ചവടക്കാരൻ അയമുട്ടിപ്പാപ്പയും കൂവളകത്തെ അവുതളഹാജിയും അത്തരക്കാരായ മറ്റു ചിലരുമാണ് ഇതിനു പിന്നിൽ. വിശുദ്ധഗ്രന്ഥത്തിന്റെ വെളിച്ചത്തിലാണ് ഇക്കൂട്ടർ ജീവിച്ചുപോന്നത്. അത്തരമൊരു ജീവിതം സാധ്യമാണെന്ന് തെളിയിക്കുകയായിരുന്നു എന്റെ കണ്ണിൽ ഇവർ.

പൊന്നാനിയിലെ ആ കച്ചവടക്കാർ ദൈവനിയോഗം പോലെയാണ് കച്ചവടം നടത്തിയിരുന്നത്. നമസ്കാരത്തിനു സമയമായാൽ പണപ്പെട്ടിയും പീടികയും പൂട്ടാതെയാണ് യാത്ര. വാക്കാണ് കച്ചവടത്തിനാധാരം, കടലാസും രശീതും ഉടമ്പടിയുമല്ല. വിശക്കുന്ന ആർ

ചെന്നു കൈ നീട്ടിയാലും സഹായമുണ്ട്. കണ്ണിൽ സദാ കാണാവുന്നത് കാരുണ്യം മാത്രം. ആയിരത്തിത്തൊള്ളായിരത്തി നാൽപത്തിനാലിൽ നാട്ടിൽ കോളറയുണ്ടായപ്പോൾ അരി സംഭാവനയായി ചോദിച്ചു ചെന്ന സന്നദ്ധസംഘത്തിന് പാതാറിലെ ഗുദാമിന്റെ താക്കോൽ നീട്ടി വേണ്ട തെടുത്തുകൊള്ളാൻ പറഞ്ഞ ദയാമയരായ ആ ആളുകളെപ്പറ്റി എന്റെ അച്ഛൻ പല തവണ പലരോടും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

അയമുട്ടിപ്പാപ്പ വെറ്റില നുള്ളി വീടുവീടാന്തരം കൊണ്ടു നടന്നു വിൽക്കുന്ന ഒരു നിസ്വനായിരുന്നു. സ്കൂളിലേക്ക് പോകുന്ന ഞങ്ങളുടെ കൂടെ കടത്തുതോണിയിൽ എന്നുമുണ്ടാവും. ചെറിയ വട്ടക്കൂടയിൽ വെറ്റില രണ്ടു വിഭാഗങ്ങളാക്കി വെവ്വേറെ വച്ചിരിക്കും. ഒരുവശത്ത് അന്ന് നുള്ളിയത്, മറ്റേത് തലേന്നാൾ നുള്ളിയത്. വെള്ളം തളിച്ചും വാഴയില യിലും പോളയിലും പൊതിഞ്ഞും സംരക്ഷിക്കുന്നതിനാൽ ഇന്നലെ അറുത്തതിന് കാര്യമായ വാട്ടമൊന്നും ഉണ്ടാവില്ല. എങ്കിലും രണ്ടും രണ്ടായിത്തന്നെ വച്ചിരിക്കും. വിലയിലും മാറ്റമുണ്ട്. നാഴിക്ക് ഒരുറുപ്പിക തോതിൽ പത്തു നാഴി പാലു വാങ്ങി നാലു നാഴി വെള്ളം ചേർത്ത് ഒന്നേകാലുറുപ്പികനിരക്കിൽ വിറ്റാൽ ലാഭശതമാനമെത്ര എന്ന കറക്കു ഗണിതം പഠിച്ച് പാസ്മാർക്ക് നേടാൻ സ്കൂളിലേക്കു പോകുന്ന ഞങ്ങ ളിൽ ചിലർ അയമുട്ടിപ്പാപ്പയെക്കൊണ്ട് ഈ വെറ്റിലയുടെ കാര്യത്തി ലെങ്കിലും ഒരു കള്ളം പറയിക്കാൻ ആവതും ശ്രമിച്ചിട്ടുണ്ട്. ഉപ്പാപ്പ അവ സാനം ഞങ്ങളെ തുറന്നുതന്നെ അറിയിച്ചു: 'അറിഞ്ഞുകൊണ്ട് കളവു പറഞ്ഞാൽ പടച്ചതമ്പുരാൻ പൊറുക്കില്ല, മക്കളേ'. ഇക്കാര്യം പ്രതിപാദി ക്കുന്ന വേദഭാഗങ്ങൾ ഞങ്ങളെ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തു. വിശുദ്ധഗ്രന്ഥം മുഴുക്കെ കാണാതെ അറിയാമായിരുന്ന ഉപ്പാപ്പയ്ക്ക് അതിന്റെ സരളമായ അർഥതലവും നല്ല നിശ്ചയമായിരുന്നു.

ഗാന്ധിജിയുടെ ഖിലാഫത്ത്പ്രസ്ഥാനത്തെ വർഗീയലഹള യാക്കി മാറ്റിത്തീർക്കുന്നതിൽ വെള്ളക്കാർ വിജയിച്ചതിനെത്തുടർന്ന് നാടുനീളെ അക്രമമരങ്ങേറിയപ്പോൾ ഈ ഗ്രാമത്തിലേക്ക് കയറിവരാൻ പുറപ്പെട്ട അക്രമിസംഘത്തെ തനിച്ച് ചെറുത്തുനിന്ന് തിരിച്ചയച്ച അതി കായനായ ശൂരനാണ് അവുതളഹാജി. 'എന്റെ മയ്യിത്തിനു മുകളിലൂ ടെയേ നിങ്ങൾക്കിവിടെ കടക്കാൻ കഴിയൂ' എന്ന് ഭാരതപ്പുഴയുടെ തീരത്തെ ഉയർന്ന മൺതിട്ടയിൽ കയറിനിന്ന് അദ്ദേഹം ഉദ്ഘോഷിച്ചു. ഈ നാടിനെ രക്ഷിച്ച അദ്ദേഹത്തെ ലഹളക്കാരനെന്ന് മുദ്രകുത്തി വെള്ളക്കാരുടെ ഗൂർഖാപട്ടാളം കെട്ടിപ്പൂട്ടി ഗുഡ്സ് വാഗണിലിട്ട് കൊണ്ടുപോയതും കൈയിലെ കത്തികൊണ്ട് വാഗൺഭിത്തിയുടെ കാരിരുമ്പു തുരന്ന് അതിൽ മൂക്കുവച്ച് ശ്വസിച്ച് പ്രാണൻ നിലനിർത്തി അദ്ദേഹം തിരിച്ചെത്തിയതും വളരെ പ്രായമായ ശേഷവും പുഴയോര ത്തിരുന്ന് കുട്ടികളായ ഞങ്ങളോട് 'ഒരു തുലാം ഇരിമ്പും ഒരു തുലാം പഞ്ഞിയും ഒരു തുലാസിന്റെ രണ്ടു തട്ടുകളിൽ വച്ചാൽ ഏതു ഭാഗം തൂങ്ങും?' എന്ന് ചോദിക്കാറുള്ളതും ശരിയായും തെറ്റായും ഉത്തരം പറയുന്ന എല്ലാവർക്കും ഗോട്ടിമിഠായി വിതരണം ചെയ്യാറുള്ളതും ആ ധന്യജീവിതത്തിന്റെ തുടർക്കഥ. നന്മയുടെ പ്രതീകമായിരുന്ന അദ്ദേഹം ജീവിച്ചതും വിശുദ്ധഗ്രന്ഥത്തിൽ പറയുന്നതിന്റെ പ്രായോഗികമാതൃക യായിട്ടായിരുന്നു.

ആലിമാസ്റ്ററുടെ കഥ ഇതിലേറെ വിചിത്രമാണ്. സ്കൂളിൽ പോകാൻ മടിച്ച് ഞങ്ങൾ കാരപ്പഴം പറിച്ചുതിന്ന് 'ഒളിവിൽ' നടക്കവെ ഞങ്ങളുടെ കാലൊച്ച കേട്ടു പള്ളിയിൽനിന്ന് ആലിമാസ്റ്റർ തലനീട്ടി ഞങ്ങളെ കണ്ടത് ഇന്നും ഞാനോർക്കുന്നു. പിടിച്ച് സ്കൂളിലേക്ക് കൊണ്ടുപോയി ബെഞ്ചിൽ കയറ്റിനിർത്തുമെന്നു ഭയന്നത് വെറുതെയാ യി. അപൂർവമായ അവധിയെടുത്തായിരുന്നു മാസ്റ്ററുടെ ആ ഇരിപ്പ്. ക്ലാസ്സിൽ പോകാൻ വയ്യാത്തതുകൊണ്ട് അവധിയെടുത്തതാണ്. ഇൻസ്പെക്ഷൻ നടക്കുന്നതിനാലാണ് സ്കൂളിൽ പോകാൻ വയ്യാതായ ത്. ഇൻസ്പെക്ടർ വരുന്ന ദിവസം മാനേജർ അടുത്ത സ്കൂളിലെ കുട്ടി കളെ മാസ്റ്ററുടെ ക്ലാസ്സിൽ കൊണ്ടുവന്ന് ഇരുത്തും. ആ കുട്ടികളൊക്കെ തന്റെ ക്ലാസ്സിൽ പഠിക്കുന്നവരാണെന്ന് ആലിമാസ്റ്റർ സാക്ഷ്യപ്പെടുത്ത ണം. അത്രയേ വേണ്ടൂ. പക്ഷേ, ആ ഒരു കളവു പറയാൻ വയ്യാത്തതു കൊണ്ട് ആലിമാസ്റ്റർ അവധിയെടുത്ത് പ്രാർഥിക്കാനിരിക്കുന്നു.

പ്രവാചകന്റെ ഇംഗിതമനുസരിച്ച് ജീവിക്കാൻ കഴിയും എന്നതിന് അന്നെനിക്ക് കൺമുന്നിൽ കിട്ടിയ തെളിവുകൾ ഇവർ മാത്രമായിരുന്നു. ഉപനിഷത്തോ ബൈബിളോ അടിത്തറയാക്കി ജീവിതം കെട്ടിപ്പടുത്ത ആരെയും എനിക്കു കണ്ടുകിട്ടിയില്ല. കണ്ടിട്ടും ഞാൻ കാണാതിരു ന്നതോ യഥാർഥത്തിൽ എന്റെ കൺവെട്ടത്തെങ്ങും ഇല്ലാതിരുന്നതോ എന്നു തിട്ടമില്ല. രണ്ടുമാകാം. വേറെയാരും ഉണ്ടായില്ല എന്നതല്ല പ്രധാന കാര്യം. ഇവർ ഉണ്ടായി എന്നതാണ്. നബിതിരുമേനിയുടെ വാക്കുകൾ ശരിയായും ആത്മാർഥമായും ഉൾക്കൊണ്ട മനുഷ്യരുടെ സമൂഹം എങ്ങനെയിരിക്കും എന്നു സങ്കൽപിക്കാൻ എനിക്കു സാധിച്ചു.

ഇന്നും ഈ വ്യത്യാസം ഞാൻ കൺമുന്നിൽ കാണുന്നുണ്ട്. എന്റെ ചുറ്റുപാടുമുള്ളവരും യാത്രകൾക്കിടയിലും അന്യദേശങ്ങളിലും ഞാൻ കാണുന്നവരുമായ ആളുകളിൽ മഹാഭൂരിഭാഗവും മതവിശ്വാസിക ളാണ്. പല മതങ്ങളിലും വിശ്വസിക്കുന്നു എന്ന് സ്വയം കരുതുകയും ആ മതങ്ങൾക്കായി വാദിക്കുകയും ചെയ്യുന്ന അവരിൽ ഭൂരിഭാഗവും അതത് പ്രവാചകരുടെ വചനങ്ങൾക്കനുസാരമായല്ല ജീവിക്കുന്നത് എന്ന് അവ രുമായി കുറച്ചിടയുള്ള പെരുമാറ്റംകൊണ്ടുതന്നെ വെളിപ്പെടുന്നു. കാതൽ ചിതൽ തിന്ന വിശ്വാസം കുപ്പായം പോലെയേ ഉള്ളൂ. അർഥവ ത്തായ വിശ്വാസദാർഢ്യം താരതമ്യേന കൂടുതൽ കാണുന്നത് ഇസ്ലാംമ തത്തിൽ വിശ്വസിക്കുന്നവർക്കിടയിലാണ്. 'പരമശക്തനായ ദൈവം മനുഷ്യനെ ഏറ്റവും നല്ല മൂശയിൽ വാർത്തത്' എന്തിനെന്നും ആ കാരുണ്യം എന്തു പ്രയോജനം ചെയ്യുന്നു എന്നും അറിയാൻ ഇവരു മായി അൽപനേരം ഇടപഴകിയാൽ ധാരാളം മതി. ഇതുതന്നെയാണ് വിശുദ്ധഖുർആന്റെ പ്രസക്തി എന്ന് എനിക്ക് തോന്നുന്നു. വിശുദ്ധഖുർ ആൻ സജീവവും പ്രായോഗികവുമാണ്. അതിന്റെ പേരു പറഞ്ഞോ അതിൽ പറയുന്ന കാര്യങ്ങൾ തെറ്റായി മനസ്സിലാക്കിയോ അക്രമം കാണിക്കുന്നവരില്ലേ എന്ന ചോദ്യത്തിന് ജീവനുള്ള മറുപടികളാണ് ഇവർ. ഇവരുടെ പ്രഥമവും പ്രധാനവുമായ ഉടമ്പടി സർവശക്തനായ ദൈവത്തോടാകയാൽ ഇവർ അങ്ങാടിയിലിറങ്ങി സ്വയം പ്രദർശിപ്പി ക്കാറില്ല എന്നേയുള്ളൂ. അന്വേഷിച്ചാലേ കണ്ടെത്തൂ. മുട്ടുവിൻ തുറക്ക പ്പെടും എന്നുതന്നെ. വാതിൽ ചവിട്ടിപ്പൊളിച്ചു മാത്രം അകത്തുകടന്നു ശീലിച്ചവർ പക്ഷേ, ഇതിനു ശ്രമിക്കുന്നതു വെറുതെ. കാരണം, ഈ ദുശ്ശീലമുള്ളവരുടെ വഴിയിൽനിന്ന് ആ ക്രാന്തദർശികൾ എന്നോ മാറി പ്പോയിരിക്കും.